# അദ്ധ്യായം - 5



ചാന്ദ് പഠേലിന്റെ കല്യാണപാർട്ടിയോടൊപ്പം ബാബയുടെ തിരിച്ചു വരവ് – സ്വാഗതം ചെയ്ത് സായ് എന്നു സംബോധന ചെയ്തത് – മറ്റു യോഗികളുമായി സമ്പർക്കം – ഉടുപ്പും ദിനചര്യകളും – പാദുകത്തിന്റെ കഥ – മൊയ്തീനുമായുള്ള ഗുസ്തിയും ജീവിതത്തിൽ വന്ന മാറ്റവും – വെള്ളം എണ്ണയാക്കി മാറ്റിയത് – വ്യാജഗുരു ജവഹർ ആലി.

ചാന്ദ് പാഠേലിന്റെ കല്യാണപാർട്ടിയോടൊപ്പമുള്ള തിരിച്ചു വരവ് മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചപോലെ ബാബ ഷിർദ്ദിയിലേക്ക് എങ്ങിനെ തിരിച്ചുവന്നുവെന്ന് പ്രതിപാദിക്കാം.

നൈസാം സ്റ്റെയ്റ്റിലെ ഔറംഗബാദ് ജില്ലയിൽപ്പെട്ട ധൂപ് എന്ന ഗ്രാമത്തിൽ ധനികനായി ചാന്ദ്പഠേൽ എന്ന പേരിൽ ഒരു മുസ്ലീം പ്രമാണിയുണ്ടായിരുന്നു. അയാൾ ഔറംഗബാദിലേക്കു പോകും വഴി ഒരു കുതിരയെ നഷ്ടപ്പെട്ടുപോയി. രണ്ടുമാസങ്ങളോളം നിരന്തരമായി തിരഞ്ഞിട്ടും നഷ്ടപ്പെട്ട കുതിരയുടെ ഒരു വിവരവും കിട്ടിയില്ല. അവസാനം നിരാശനായി ജീനിയും ചുമലിലിട്ട് മടങ്ങിവരികയായിരുന്നു. വരുംവഴിക്ക് പതിമൂന്നു നാഴികയിലധികം യാത്രചെയ്തുകഴിഞ്ഞപ്പോൾ ഒരു മാവിൻ ചുവട്ടിൽ

രത്നതുല്യനായ ഒരു ഫക്കീർ ഇരിക്കുന്നത് കണ്ടു, തലയിൽ ഒരു തൊപ്പിയും ദേഹത്തിൽ കഫ്നി എന്ന നീളൻ കുപ്പായവും കയ്യിൽ ഒരു ചെറിയ വടിയും (സത്ക) ഉണ്ടായിരുന്നു. ഫക്കീർ ചില്ലിം എന്നു പറയുന്ന മൺ പൈപ്പിൽ പുകയിലയിട്ട് പുകവലി ക്കുവാൻ ഒരുക്കുകയായിരുന്നു. ചാന്ദ്പഠേൽ പോവുന്നതുകണ്ട പ്പോൾ ഫക്കീർ അങ്ങോട്ട് വിളിച്ച് ഒരു പുകവലിച്ച് വിശ്രമിച്ച് പൊയ്ക്കൊള്ളാൻ ക്ഷണിച്ചു. ജീനിയെപ്പറ്റി അയാളോട് ഫക്കീർ അന്വേഷിച്ചു. ചാന്ദ്പഠേൽ അത് തന്റെ നഷ്ടപ്പെട്ട കുതിരയുടേ താണെന്ന് പറഞ്ഞു. ഉടനെ ഫക്കീർ അടുത്തുള്ള തോട്ടത്തിൽ നോക്കാൻ പറഞ്ഞു. അയാൾ അവിടെപോയി നോക്കമ്പോൾ, വിസ്മയമെന്ന് പറയട്ടെ, കുതിരയുണ്ട് അവിടെ നിൽക്കുന്നു. അയാൾക്ക് ഈ ഫക്കീർ ഒരു ചില്ലറക്കാരനല്ലെന്നും വലിയ ഒരു അവാലിയയാണെന്നു (മഹായോഗി) ബോദ്ധ്യമായി. അയാൾ കുതിരയെ പിടിച്ച് ഫക്കീറിന്റെ അരികിലെത്തി. ചില്ലിം അപ്പോ ഴേക്കും തയ്യാറായിരുന്നു. പക്ഷേ രണ്ട് സാധനങ്ങൾകൂടി ഒരു ക്കേണ്ടിയിരുന്നു. 1. പൈപ്പുകൊളുത്താൻ തീ, 2. കുഴൽമൂടി പുക വലിക്കുന്ന തുണി നനക്കാൻ വെള്ളം. ഫക്കീർ ഒരു മുള്ളെടുത്ത് നിലത്ത് ആഞ്ഞുകുത്തിയപ്പോൾ ഒരു തീക്കനൽ പ്രത്യക്ഷപ്പെ ട്ടു. അത് പൈപ്പിലിട്ട് സത്ക്കകൊണ്ടു നിലത്തടിച്ചപ്പോൾ വെള്ളം ഒഴുകാൻ തുടങ്ങി. തുണി അതിൽ നനച്ചു പിഴിഞ്ഞ് പൈപ്പിനു ചുറ്റി. എല്ലാം പൂർത്തിയായപ്പോൾ ഫക്കീർ പുകവലിച്ച് ചാന്ദ്പ ഠേലിന്നും കൊടുത്തു. ഇതെല്ലാം കണ്ട് ചാന്ദ്പഠേൽ വിസ്മയ സ്തബ്ധനായി. അയാൾ ഫക്കീറിനോട് തന്റെ വീട്ടിൽ വന്ന് സൽക്കാരം സ്വീകരിക്കാനപേക്ഷിച്ചു. അടുത്ത ദിവസം ഫക്കീർ പഠേലിന്റെ വീട്ടിൽപ്പോയി അവിടെ കുറച്ചുദിവസം താമസിച്ചു. പഠേൽ ധൂപ് ഗ്രാമത്തിലെ അധികാരിയായിരുന്നു. അയാളുടെ ഭാര്യാസഹോദരന്റെ മകന്റെ കല്യാണത്തിന് വധുവെകണ്ടു വെച്ചത് ഷിർദ്ദിയിൽ നിന്നായിരുന്നു. അങ്ങിനെ പഠേൽ ഷിർദ്ദി യിലേക്കു പോവാൻ ഒരുക്കം കൂട്ടി. ഫക്കീറും ആ കല്യാണ

പാർട്ടിയെ അനുഗമിച്ചു. കല്യാണ മംഗളമായി കഴിഞ്ഞ്, പാർട്ടി ധൂപിലേക്കു മടങ്ങി. എങ്കിലും ഫക്കീർ തിരിച്ചുപോയില്ല. ഷിർദ്ദിയിൽതന്നെ സ്ഥിര താമസമാക്കി.

## സായ് എന്ന പേർ ഫക്കീറിന് ലഭിച്ചത്.

കല്യാണപാർട്ടി ഷിർദ്ദിയിലെത്തിയപ്പോൾ മഹൽസാപതിയുടെ വയലിൽ ഖണ്ഡോബ ക്ഷേത്രത്തിന്ന് മുന്നിൽ ഇറങ്ങി. വണ്ടികളെല്ലാം അഴിച്ച് ഖണ്ഡോബ ക്ഷേത്രമുറ്റത്തു നിർത്തി, ഓരോരുത്തരായി ഇറങ്ങിയതിനോടൊപ്പം ഫക്കീറും ഇറങ്ങി. ഭഗത്മാലസപതി യുവാവായ ഫക്കീർ വണ്ടിയിൽ നിന്നിറങ്ങുന്നതു കണ്ട് യാസായ് (സ്വാഗതം സായ്) എന്നു പറഞ്ഞ് അഭിവാദ്യം ചെയ്തു. മറ്റുള്ളവരും സായ് എന്ന് വിളിച്ചു. അതിൽപിന്നെ ഫക്കീർ സായിബാബയായി.

## മറ്റു യോഗികളുമായി സമ്പർക്കം

സായിബാബ ഒരു മസ്ജിദിൽ (മുസ്ലീംപള്ളി) താമസം തുടങ്ങി. ബാബ വരുന്നതിനും എത്രയോ കൊല്ലം മുമ്പുമുതൽ ദേവീദാസ് എന്നു പേരായ ഒരു യോഗി ഷിർദ്ദിയിൽ താമസിച്ചിരുന്നു. ബാബക്ക് ആ യോഗിയുമായ സമ്പർക്കം ഇഷ്ടപ്പെട്ടു. ആ യോഗിയോടൊപ്പം ബാബ മാരുതി ക്ഷേത്രത്തിലും ചാവടിയിലും (പഞ്ചായത്ത് കൂടുന്ന കെട്ടിടം) താമസിച്ചു. ചിലപ്പോൾ ഏകനായും താമസിച്ചു. പിന്നെ ജാൻകീദാസ് എന്ന യോഗി വന്നു. ബാബ അധികനേരം ഇദ്ദേഹവുമായി സംസാരിച്ചിരിക്കും അഥവാ ജാൻകീദാസ് ബാബയുടെ അടുക്കലേക്കു ചെല്ലും. പിന്നെ പുൻതംബിയിൽ നിന്നു ഗംഗാകീർ എന്നു പേരായ വൈശ്യഗൃഹസ്ഥാശ്രമിയായ ഒരു യോഗിയും ഷിർദ്ദിയിൽ ഇടക്കിടക്കു വരാറുണ്ടായിരുന്നു. അദ്ദേഹം ബാബയെ ആദ്യം കാണുമ്പോൾ ബാബ രണ്ടു കയ്യിലും വെള്ളം നിറച്ച കുടവു

മായി പൂന്തോട്ടം നനക്കുകയായിരുന്നു. അദ്ദേഹം പരസ്യമായി പറഞ്ഞു. ഈ രത്നത്തെ കിട്ടിയ ഷിർദ്ദി അനുഗൃഹീതയാണ്. ഈ മനുഷ്യൻ വെള്ളം ചുമക്കുന്നെങ്കിലും സാധാരണക്കാരനല്ല. ഈ ഷിർദ്ദി അനുഗ്രഹീതയും ഭാഗ്യവതിയുമായതിനാലാണ് ഈ രത്നത്തെ കിട്ടിയത് അതുപോലെതന്നെ യേവലാമഠത്തിലെ ആനന്ദനാഥ് എന്നു പേരായ അക്കൽകോട്ട് മഹാരാജിന്റെ ശിഷ്യൻ ഷിർദ്ദിയിൽ കുറച്ചു ഷിർദ്ദിക്കാരോടുകൂടി വന്നു സായിബാബയെ കണ്ടതോടുകൂടി ഇപ്രകാരം തുറന്നു പറഞ്ഞു. ഇത് വിലപിടിച്ച ഒരു രത്നക്കല്ലാണ്. സാധാരണക്കാരനെപ്പോലെ കാഴ്ചയിൽ തോന്നുമെങ്കിലും ഇതൊരു വെറും സാധാരണ കല്ലല്ല. രത്നക്കല്ലുതന്നെയാണ്. അടുത്ത ഭാവിയിൽ നിങ്ങൾക്കതറിയാൻ കഴിയും. ഇതും പറഞ്ഞ് അദ്ദേഹം യേവലായിലേക്കു മടങ്ങി. ഇത് പറഞ്ഞത് സായിബാബ ചെറുപ്പക്കാരനായിരുന്നപ്പോളാണ്.

## ബാബയുടെ ഉടുപ്പും ദിനചര്യകളും

ചെറുപ്പകാലത്ത് സായിബാബ മുടി വളർത്തിയിരുന്നു. ഒരിക്കലും മുണ്ഡനം ചെയ്തിരുന്നില്ല. ഒരു അഭ്യാസിയുടെ വസ്ത്രധാരണ രീതിയായിരുന്നു അന്ന്. റഹടയിലേക്ക് (ഷിർദ്ദിയിൽനിന്ന് 9 നാഴിക) പോയി വരുമ്പോൾ ചെണ്ട്. ജയ്, ജൂയി മുതലായ ചെടികൾ കൊണ്ടു വന്ന് അവ നട്ടുനനച്ചുണ്ടാക്കും. വാമൻതാത്ത്യ എന്ന ഭക്തൻ ദിവസം രണ്ടു മൺപാത്രങ്ങൾ കൊടുക്കും. അവകൊണ്ട് ബാബതന്നെ വെള്ളം കൊണ്ടുവന്ന് നനക്കും. കിണറ്റിൽ നിന്ന് വെള്ളംകോരി കുടങ്ങൾ വേപ്പുമരച്ചോട്ടിൽ വെക്കും. നിലത്തുവെക്കുന്നതോടുകൂടി അവ പച്ച മണ്ണായതിനാലും ചൂളക്കിടാത്തവയായതിനാലും ഉടഞ്ഞുപോവും. അടുത്ത ദിവസം താത്ത്യാ വേറെ രണ്ടു പാത്രങ്ങൾ കൊടുക്കും. ഇങ്ങിനെ മൂന്നുകൊല്ലം മുടങ്ങാതെ നടന്നതിൻ ഫലമായി ബാബയുടെ അദ്ധ്വാനംകൊണ്ട് അവിടെ ഒരു ഭംഗിയുള്ള പൂന്തോട്ടം

ഉണ്ടായി. ഈ സ്ഥാനത്താണ് ഇപ്പോഴത്തെ വലിയ കെട്ടിടമായ സമാധിമന്ദിരം സ്ഥിതി ചെയ്യുന്നത്. അവിടെ അനവധി ഭക്തന്മാർ സന്ദർശിച്ചു ഉപയോഗിച്ചു വരുന്നു.

## വേപ്പിൻമരച്ചുവട്ടിലെ പാദുകങ്ങളുടെ കഥ

അക്കൽക്കോട്ട് മഹാരാജിന്റെ ശിഷ്യനായ ഭായികൃഷ്ണാജി അലിബഗ്കർ എന്നാൾ അക്കൽക്കോട് മഹാരാജിന്റെ ഫോട്ടോ പൂജിച്ചിരുന്നു. ഒരിക്കൽ അയാൾ അക്കൽക്കോട്ട് (ഷോലാപ്പൂർജില്ല) പോയി മഹാരാജിന്റെ പാദുകങ്ങളെ വണങ്ങി പൂജിക്കണമെന്ന് ആഗ്രഹിച്ചു. പക്ഷെ പോവാൻ സാധിക്കുന്നതിനു മുമ്പ് അയാൾക്കൊരു സ്വപ്നദർശനമുണ്ടായി. അക്കൽക്കോട്ട് മഹാരാജ് സ്വപനത്തിൽ വന്ന് ഇങ്ങിനെ പറഞ്ഞു. ഇപ്പോൾ ഷിർദ്ദിയാണ് എന്റെ വിശ്രമസ്ഥാനം. അവിടെപ്പോയി പൂജിക്കുക. അങ്ങിനെ ഭായി അയാളുടെ പരിപാടി മാറ്റി ഷിർദ്ദിയിൽവന്നു ബാബയെ പൂജിച്ച് ആറുമാസം ഷിർദ്ദിയിൽ താമസിച്ചു സന്തുഷ്ടനായി. ഇതിന്റെ സ്മാരകമായി അദ്ദേഹം പാദുകങ്ങൾ നിർമ്മിച്ച് ശകാബ്ദം 1834 (1912. AD) ശ്രാവണമാസത്തിൽ വേപ്പുമരചോട്ടിൽ സ്ഥാപിച്ചു. അതിന്നുവേണ്ട ചടങ്ങുകളും പൂജാവിധികളും നടത്തിയത് ദാദാകേൽക്കറും ഉപാസനിയുമായിരുന്നു. ഒരു ദീക്ഷിത് ബ്രാഹ്മണനെ പൂജക്കായും സഗൂൺ എന്ന ഭക്തനെ അതിന്റെ കാര്യാമ്പേഷകനായും നിയമിച്ചു.

## ഈ കഥയുടെ പൂർണ്ണ വിവരങ്ങൾ

മാമലത്ത്ദാരായി റിട്ടയർ ചെയ്ത ബി. വി.ദേവ്, സഗുൺമേരുനായിക്കിനോടും ഗോവിന്ദ് കാംലാകർ ദീക്ഷിത്തിനോടും അമ്പേഷിച്ച് പാദുകങ്ങളെപ്പറ്റിയ പൂർണ്ണവിവരം താഴെപറയും പ്രകാരം സായിലീലാമാസിക 2-ാം വാള്യം 1-ാം നമ്പർ 25-ാം

പേജിൽ പ്രസിദ്ധപ്പെടുത്തി.

1834 ശകവർഷത്തിൽ ബോംബെയിൽ നിന്നും ഡോക്ടർ രാമറാവു കോത്താരി ഷിർദ്ദിയിൽ ബാബ ദർശനത്തിന് വന്നു. അയാളുടെ കമ്പൗണ്ടറും, ഭായികൃഷ്ണാജി അലിബഗ്കാറും കൂടെ വന്നിരുന്നു. അവർ സഗൂൺമേരുനായിക്കും. ജി.കെ. ദീക്ഷിത്തുമായി മിത്രങ്ങളായി. സംസാരമദ്ധ്യേ ബാബ ആദ്യം ഷിർദ്ദിയിൽ വന്ന് വേപ്പുമരചോട്ടിൽ ഇരുന്നതിന്ന് ഒരു സ്മാരകം വേണമെന്ന് നിശ്ചയിച്ചു. അങ്ങിനെ ബാബയുടെ പാദുകം കരിങ്കല്ലിൽ കൊത്തി സ്ഥാപിക്കാൻ ആദ്യം ആലോചിച്ചു. അപ്പോൾ കമ്പൗണ്ടർ ഈ വിവരം ഡോക്ടറെ അറിയിച്ചാൽ നല്ല മൃദുവായ കല്ലുകൊണ്ട് അദ്ദേഹം പാദുകം തീർപ്പിക്കുമെന്നു പറഞ്ഞു. എല്ലാവരും അതിനോട് യോജിച്ച് ഡോക്ടർ കോത്താരിയെ വിവരമറിയിച്ചു. അദ്ദേഹം ഷിർദ്ദിയിൽ വന്ന് പാദുകങ്ങളുടെ ഒരു പ്ലാൻ വരച്ചു. എന്നിട്ട് ഖണ്ഡോബാക്ഷേത്രത്തിലിരിക്കുന്ന ഉപാസനി മഹാരാജിനെ പ്ലാൻ കാണിച്ചു. അദ്ദേഹം പലവ്യത്യാസങ്ങളും വരുത്തി. താമര, പുഷ്പങ്ങൾ, ശംഖ്, ചക്രം, മനുഷ്യൻ മുതലായ പലതും വരച്ചു ചേർത്തു. കൂടാതെ,

*സദാനിംബവൃക്ഷസ്യമുലാധിവാസാത്*
*സുധാസ്രാവിണം തിക്തമപ്യ പ്രിയം തം*
*തരും കല്പവൃക്ഷാധികം സാധയന്തം*
*നാമാമീശ്വരം സദ്ഗുരും സായിനാഥം.*

എന്ന ശ്ലോകവും അതിന്മേൽ കൊത്തിവെക്കാൻ പറഞ്ഞു. (എപ്പോഴും നിംബവൃക്ഷത്തിന്റെ ചുവട്ടിൽ താമസിച്ച് കയ്പ്പുള്ളതുമായ ആ വൃക്ഷത്തെ അമൃത് ഒഴുക്കുന്ന കല്പവൃക്ഷത്തെക്കാളധികം മാഹാത്മ്യമുള്ളതാക്കി തീർത്ത സദ്ഗുരുവും ഈശ്വരനുമായ സായ്നാഥനെ ഞാൻ നമസ്കരിക്കുന്നു). ഉപാസനിയുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് അപ്രകാരം ചെയ്തു. ബോംബെ

യിൽ പാദുകങ്ങൾ നിർമ്മിച്ച് കമ്പൗണ്ടർ വശം കൊടുത്തയച്ചു. ബാബ അവയെ ശ്രാവണ പൗർണ്ണമിക്ക് സ്ഥാപിക്കാൻ പറഞ്ഞു. അന്ന് പകൽ 11 മണിക്ക് ജി.കെ. ദീക്ഷിത് അവയെ ഖണ്ഡോബാക്ഷേത്രത്തിൽനിന്ന് തലയിൽവെച്ച് പരിവാരസമേതം ദ്വാരകമായി മസ്ജിദിലേക്ക് കൊണ്ടുവന്നു. ബാബ പാദുകങ്ങൾ തൊട്ടനുഗ്രഹിച്ചു. എന്നിട്ട് ഇത് ദേവപാദങ്ങളാണെന്നും വേപ്പുമരച്ചോട്ടിൽ സ്ഥാപിച്ചു കൊള്ളുവിൻ എന്നും പറഞ്ഞു.

അതിന്റെ തലേദിവസം ബോംബെയിൽനിന്നും പാസ്തശേട്ട് എന്ന പാർസിഭക്തൻ 25 രൂപ മണി ഓർഡർ അയച്ചിരുന്നു. ഈ സംഖ്യ പാദുകം സ്ഥാപിക്കാനുള്ള ചിലവിലേക്ക് ബാബ കൊടുത്തു. ഒട്ടാകെ ചിലവായ 100 രൂപയും ബാക്കി 75 രൂപ സംഭാവനയായും പിരിച്ചു. ആദ്യത്തെ 5 വർഷങ്ങൾ ജി.കെ. ദീക്ഷിത് പാദുകപൂജ നടത്തി. പിന്നെ ലക്ഷ്മൺ കച്ചേശ്വർജഖാദി എന്നാൾ പൂജ നടത്തി. ആദ്യത്തെ അഞ്ചുവർഷം മാസം തോറും വിളക്കുവെക്കാൻ 2 ക. വീതം ഡോക്ടർ കോത്താരി അയച്ചുകൊടുത്തു. കൂടാതെ ചുറ്റും പൈപ്പ്വേലി കെട്ടാനുള്ള ചിലവും അയാൾ ചെയ്തു. സ്റ്റേഷനിൽ നിന്ന് പൈപ്പ്റെയ്ലിങ്ങ് ഷിർദ്ദിക്ക് കൊണ്ടുവരാനുള്ള ചിലവ് 7ക. 8 ണ. സഗുൺമേരു നായ്ക്ക് കൊടുത്തു. ഇപ്പോൾ ജഖാദി (നാനാപൂജാരി) പൂജ നടത്തുകയും സഗുൺമേരു നായ്ക്ക് നൈവേദ്യത്തിനും വിളക്കുവെക്കാനും വേണ്ട ചിലവ് നടത്തുകയും ചെയ്യുന്നു.

ഭായി കൃഷ്ണാജി തുടക്കത്തിൽ അക്കൽക്കോട് മഹാരാജിന്റെ ഭക്തനായിരുന്നു. അയാൾ 1834-ൽ പാദുകം സ്ഥാപിക്കുന്ന കാലത്ത് അക്കൽകോട്ടെക്ക് പോകും വഴി ഷിർദ്ദിയിൽ വന്നു. ബാബയെ ദർശനം ചെയ്ത് അക്കൽക്കോട്ടെക്ക് പോവാനായിരുന്നു ഉദ്ദേശം. അയാൾ അതിന് ബാബയോട് അനുവാദം ചോദിച്ചു. നീയെന്തിന് അവിടെ പോകുന്നു. അവിടുത്തെ മഹാരാജ് ഇവിടെത്തന്നെയാണ്. ഞാൻ തന്നെയാണ്, ഇതു കേട്ട് ഭായി

അക്കൽക്കോട്ടെക്ക് പോകേണ്ടെന്ന് നിശ്ചയിച്ചു. പാദുകസ്ഥാപനത്തിനുശേഷം അയാൾ പലതവണ ഷിർദ്ദിയിൽ വരാറുണ്ടായിരുന്നു. ഈ പറഞ്ഞ വിവരങ്ങൾ ഹേമദ്പാന്തിന്നറിയില്ലെന്നും അറിഞ്ഞിരുന്നെങ്കിൽ അത് സച്ചരിതത്തിൽ ചേർക്കുമായിരുന്നുവെന്നും ബി.വി. ദേവ് പറഞ്ഞ് ലേഖനം അവസാനിപ്പിക്കുന്നു.

## മൊയ്തീൻ താമ്പോലിയുമായ ഗുസ്തിയും ജീവിതരീതിയിൽ വരുത്തിയ മാറ്റവും

ബാബയുടെ മറ്റു കഥകളിലേക്കു മടങ്ങുക. ഷിർദ്ദിയിൽ മൊയ്തീൻ താമ്പോലി എന്നുപേരായ ഒരു ഗുസ്തിക്കാരനുണ്ടായിരുന്നു. ചില സംഗതികളിൽ ബാബയും അയാളുമായി യോജിക്കാത്തതിനാൽ അവർ തമ്മിൽ ഒരു ഗുസ്തിയുദ്ധം നടന്നു. അതിൽ ബാബ പരാജിതനായി. അന്നുമുതൽ ബാബ വസ്ത്രധാരണ രീതിയും ജീവിതരീതിയും മാറ്റി. ബാബ കഫ്നി എന്ന നീളൻ കുപ്പായവും ഒരു ലങ്കോട്ടിയും ധരിച്ചു. തലമൂടി ഒരു തുണികഷ്ണംകൊണ്ട് കെട്ടുകയും ചെയ്തു. ഒരു ചാക്കിൻകഷ്ണം ഇരിക്കാനും ഒരു ചാക്കിൻ കഷ്ണം കിടക്കാനും ഉപയോഗിച്ചു. കീറി ദ്രവിച്ച വസ്ത്രങ്ങൾ ധരിക്കുന്നതിൽ സംതൃപ്തനായി. സായിബാബ പറയും ദരിദ്ര്യം രാജത്വത്തേക്കാൾ നല്ലതാണ്. പ്രഭുത്വത്തേക്കാൾ എത്രയോ ഉപരി മെച്ചപ്പെട്ടതാണ്. ഭഗവാൻ ദരിദ്രന്റെ ചങ്ങാതിയാണ് എന്ന്. ഗംഗാഗീറും ഗുസ്തി പ്രിയനായിരുന്നു. ഒരു ഗുസ്തി മത്സര സമയത്ത് അദ്ദേഹത്തിന് ദൈവവാക്യം പോലെ നീ ദൈവവുമായി കളിച്ച് ദേഹം തളർത്തി കളയുക എന്ന വാക്കുകൾ കേൾക്കുകയും അതോടു കൂടി വിരക്തി വന്നുചേരുകയും ചെയ്തു. അദ്ദേഹം സംസാരം ഉപേക്ഷിച്ച് ആത്മജ്ഞാനത്തിലേക്ക് ശ്രദ്ധ പതിപ്പിച്ചു. പുന്താമ്പിക്കടുത്ത് പുഴക്കരയിൽ ഒരു മഠം സ്ഥാപിച്ച് അദ്ദേഹം ശിഷ്യന്മാരോടു കൂടി അവിടെ താമസിച്ചു. സായിബാബ ജനങ്ങളുമായി അങ്ങിനെ

ഇടപഴകി പെരുമാറലില്ല. ബാബ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കലാണ് പതിവ്. പകൽ അധികവും വേപ്പു മരച്ചോട്ടിലായിരിക്കും. അല്ലെങ്കിൽ ഗ്രാമത്തിനു പുറമെ പുഴക്കരയിലുള്ള ബാബുൾ മരത്തണലിലിരിക്കും. വൈകുന്നേരം ചില അവസരങ്ങളിൾ നിമഗോൺവരെ നടക്കും. അവിടെ ത്രിയംബക് ജി ഡങ്കാളിയുടെ വീട്ടിൽ ഇടക്കിടക്ക് പോവും. അവിടുത്തെ ബാബാസാഹിബ്ബിനെ സായിബാബക്ക് ഇഷ്ടമായിരുന്നു. അയാളുടെ അനുജനായ നാനാസാഹെബ്ബിനു രണ്ടാമതൊരു വിവാഹം കഴിച്ചിട്ട് കൂടി പുത്രനുണ്ടായില്ല. ബാബാസാഹെബ് നാനാസാഹെബിനെ ബാബാ ദർശനത്തിനയക്കുകയും കുറച്ചുകാലത്തിനുള്ളിൽ ഒരു പുത്രൻ ജനിക്കുകയും ചയ്തു. അന്നുമുതൽ സായിബാബയുടെ പ്രശസ്തി വർദ്ധിച്ച് അഹമ്മദ്നഗറിൽനിന്നും മറ്റും അനവധി ജനങ്ങൾദർശനത്തിനായി വരാൻ തുടങ്ങി. അന്നുമുതൽ നാനാസാഹെബ് ചന്ദോർക്കർ, കേശവ് ചിദംബർ മുതലായ അനവധിപേർ ഷിർദ്ദിയിൽ വരാൻ തുടങ്ങി. പകൽ മുഴുവൻ ഭക്തന്മാരാൽ ചുറ്റപ്പെട്ട ബാബ, പഴകി ഇടിഞ്ഞുപൊളിഞ്ഞ പള്ളിയിൽ രാത്രി ഒറ്റക്കുറങ്ങി. ബാബയുടെ സാമഗ്രികൾ ഇക്കാലത്ത് പുകവലിക്കാനുള്ള കുഴൽ (ചിലിം) പുകയില, ടിൻപാത്രം, നീണ്ട കഫനി കുപ്പായം, തല മൂടിക്കെട്ടിയ ഒരു തുണിക്കഷണം, ഒരു ചെറുവടി (സത്ക) എപ്പോഴും കയ്യിൽ വെക്കുന്നത് ഇത്രയുമായിരുന്നു. തലക്കുകെട്ടിയ വെള്ളത്തുണി ജടപോലെ പിരിച്ച് ഇടതു ചെവിയുടെ ഭാഗത്തുകൂടി പിന്നോട്ട് തൂങ്ങിക്കിടക്കും. ബാബ ഷൂസോ, മെതിയടിയോ ധരിച്ചിരുന്നില്ല. ദിവസത്തിലധികവും ഒരു ചാക്കിന്മേലാണ് ഇരുന്നിരുന്നത്. ഒരു കൗപീനവും ധരിച്ചിരുന്നു. തണുപ്പില്ലാതിരിക്കാൻ എപ്പോഴും തീ എരിയിച്ചിരുന്നു. ഈ തീയിനാണ് ധുനി എന്നു പറയുന്നത്. എപ്പോഴും തെക്കോട്ട് മുഖമായി മരത്തിന്റെ ആൾമറയിൽ ഇടത്തുകയ്യ് വെച്ചിരിക്കും. ആ ധുനിയിൽ ബാബ ബലിയായി, അഹംഭാവം, ആശ,

ചിന്ത ഇവയർപ്പിച്ചുകൊണ്ട് സദാ അള്ളാ മാലിക്ക് (ദൈവമാണ് ഒരേ ഉടമ) എന്ന് ജപിച്ചിരിക്കും. ബാബ ഇരിക്കുന്ന പള്ളിക്ക് രണ്ട് മുറികളുടെ വലിപ്പമേയുള്ളൂ. അവിടെ എല്ലാ ഭക്തന്മാരും ബാബയെ വന്നു കാണും. 1912-നു ശേഷം ഒരു വ്യത്യാസം വന്നു. പഴയ പള്ളി കേടുപാടു തീർത്ത് ഒരു മുറ്റവും പണി ചെയ്തു. മസ്ജിദിൽ താമസമാക്കുന്നതിന് മുമ്പ് ബാബ, ഒരു താക്കിയ യിൽ (മുസ്ലീം പ്രാർത്ഥനക്കുള്ള സ്ഥലം) കുറെക്കാലം താമസി ച്ചിരുന്നു. അന്നു കാലിൽ ചെറിയ ചിലങ്കകൾ കെട്ടി ബാബ മധു രമായി പാടി ആനന്ദനൃത്തമാടിയിരുന്നു.

## വെള്ളത്തെ എണ്ണയാക്കി മാറ്റൽ

സായിബാബക്ക് വിളക്കുകളിൽ വലിയ പ്രിയമായിരുന്നു. ബാബ കടക്കാരിൽനിന്ന് എണ്ണ കടംവാങ്ങി മസ്ജിദ്ദിലും അമ്പ ലത്തിലും രാത്രി മുഴുവൻ വിളക്ക് കത്തിക്കലുണ്ടായിരുന്നു. ഇങ്ങിനെ കുറെക്കാലം നടന്നു. അതിന് എണ്ണ കൊടുത്തിരുന്ന ബനിയാ കച്ചവടക്കാർ തമ്മിലാലോചിച്ച് ബാബക്ക് എണ്ണ കൊടു ക്കില്ലെന്ന് നിശ്ചയിച്ചു. പതിവുപോലെ ബാബ എണ്ണ ചോദിച്ച പ്പോൾ അവരെല്ലാവരും ഇല്ലെന്ന് തീർത്ത് പറഞ്ഞു. തീരെ ക്ഷുഭി തനാവാതെ ബാബ മസ്ജിദിൽ വന്നു വിളക്കിൽ തിരികളിട്ടു. ബനിയാമാർ ജിജ്ഞാസുക്കളായി ഒളിഞ്ഞു നോക്കുന്നുണ്ടാ യിരുന്നു. ബാബ തകരപ്പാത്രമെടുത്തു. അതിൽ എണ്ണ ലേശം പറ്റി നിന്നിരുന്നു. ബാബ അതിൽ വെള്ളമൊഴിച്ച് കുടിച്ചു. അങ്ങിനെ ശുദ്ധിവരുത്തി വീണ്ടും തകരപ്പാത്രത്തിൽ വെള്ളമെ ടുത്ത് എല്ലാ വിളക്കുകളിലും ഒഴിച്ച് തിരികൾ കൊളുത്തി. നോക്കി നിൽക്കുന്ന ബനിയാമാരെ അന്തംവിടുവിച്ചുകൊണ്ട് അതിഭയ ങ്കരമാംവണ്ണം രാത്രി മുഴുവൻ ആ വിളക്കുകൾ കത്തി. ബനിയാ മാർ പശ്ചാത്തപിച്ച് ബാബയോട് മാപ്പപേക്ഷിച്ചു. ബാബ അവ രോട് സത്യവാന്മാരായിരിക്കാൻ ഉപദേശിച്ച് മാപ്പു നൽകി.

## വ്യാജഗുരു ജവ്ഹർ ആലി

മുൻപറഞ്ഞ ഗുസ്തിസംഭവത്തിനുശേഷം അഞ്ചുവർഷം കഴിഞ്ഞതിൽപിന്നെ ജവഹർഅലി എന്നുപേരായ ഒരു ഫക്കീർ അഹമ്മദ്നഗറിൽനിന്നും പരിവാരസമേതം റഹടഗ്രാമത്തിൽവന്ന് വീരഭദ്രക്ഷേത്രത്തിനടുത്ത് ഒരു വലിയ മുറിയിൽ താമസമാക്കി. ഫക്കീർ പണ്ഡിതനും ഖുറാൻ മുഴുവൻ പഠിച്ച നല്ല വാഗ്മിയുമായിരുന്നു. അനവധി ഭക്തന്മാർ അയാളെ കണ്ടുവണങ്ങി ബഹുമാനിച്ചുപോന്നു. ജനസഹായംകൊണ്ട് അയാൾ വീരഭദ്രക്ഷേത്രത്തിന് മുമ്പിൽ ഒരു ഇദ്ഗ പണിചെയ്യാൻ തുടങ്ങി (ഈദ് പ്രാർത്ഥനക്കുള്ള ചുമർ) ഇത് സംബന്ധിച്ച് ചില കുഴപ്പങ്ങൾ ഉണ്ടായതിനാൽ ജവ്ഹർആലിക്ക് റഹട വിടേണ്ടി വന്നു. അങ്ങിനെ അയാൾ ഷിർദ്ദിയിലേക്കു പോന്നു. ബാബയോടുകൂടി താമസം തുടങ്ങി. അയാളുടെ മധുരമായ സംഭാഷണംകൊണ്ട് ജനങ്ങൾ വശീകൃതരാവുകയും അയാൾ ബാബയെ ശിഷ്യനെന്ന് വിളിക്കാൻ തുടങ്ങുകയും ചെയ്തു. ബാബ യാതൊരു തടസ്സവും പറയാതെ അയാളുടെ ശിഷ്യനായിരിക്കാൻ സമ്മതിച്ചു. പിന്നെ ഗുരുവും ശിഷ്യനും റഹടയിലേക്ക് മടങ്ങാനും അവിടെ താമസിക്കാനും തീരുമാനിച്ചു. ഗുരുവിന് ശിഷ്യന്റെ മഹത്വം അറിഞ്ഞുകൂടെങ്കിലും ശിഷ്യന് ഗുരുവിന്റെ ദോഷങ്ങൾ അറിയാമായിരുന്നു. എങ്കിലും അയാളെ അവഹേളിക്കാതെ ശിഷ്യനെപ്പോലെ പരിചരിക്കാൻ തുടങ്ങി. ഗുരുവിനെ പലതരത്തിലും ഉപചരിച്ചു. ഇടക്കിടക്ക് ഷിർദ്ദിയിൽ വരുമെങ്കിലും പ്രധാന താമസം റഹടയിലാക്കി. ബാബയുടെ ഷിർദ്ദിഭക്തന്മാർക്ക് ബാബ റഹടയിലേക്ക് താമസം മാറ്റിയത് ഇഷ്ടമായില്ല. അവർ ഒരു നിവേദകസംഘവുമായി ബാബയെ ഷിർദ്ദിയിലേക്കു കൊണ്ടുപോരാൻ ചെന്നു. ഇദ്ഗക്കടുത്തുവെച്ച് അവർ ബാബയെകണ്ട് വിവരം പറഞ്ഞപ്പോൾ ഫക്കീർ കോപിഷ്ഠനാണെന്നും അയാളെ ബാബക്ക് വിടാൻ നിവൃത്തിയില്ലെന്നും ഫക്കീർ തിരിച്ചുവരുന്നതിനു മുമ്പെ ഉടനെ

മടങ്ങിപ്പോകണമെന്നും പറഞ്ഞു. ഇവരിങ്ങനെ സംസാരിച്ചു. നിൽക്കുമ്പോൾ ഫക്കീർ തിരിച്ചുവരുകയും ശിഷ്യനെ കൊണ്ടു പോകാൻ ശ്രമിച്ചതിന്ന് അവരോട് കോപിക്കുകയും ചെയ്തു. ചില വാക്ക്തർക്കങ്ങൾക്കുശേഷം ഒടുവിൽ ഗുരുവും ശിഷ്യനും ഷിർദ്ദിയിലേക്കു മടങ്ങി അവിടെ താമസമാക്കി. കുറച്ചു ദിവസ ങ്ങൾക്കു ശേഷം ഗുരുവിനെ ദേവീദാസ് പരീക്ഷിച്ച് തർക്കത്തിൽ തോൽപിച്ചു. ബാബ കല്യാണപാർട്ടിയോട്കൂടി വരുന്നതിന് 12 കൊല്ലം മുമ്പാണ് അന്ന് പത്തോ പതിനൊന്നോ വയസ്സുള്ള ദേവീ ദാസ് ഷിർദ്ദിയിൽവന്ന് മാരുതിക്ഷേത്രത്തിൽ താമസമാക്കിയത്. ദേവീദാസ് സുന്ദരരൂപനും തിളങ്ങുന്ന കണ്ണോടുകൂടിയവനും വിരക്തനും ജ്ഞാനിയുമായിരുന്നു. താത്ത്യാക്കോട്ടെ, കാശിനാഥ് മുതലായ പലരും അദ്ദേഹത്തെ ഗുരുവായി കരുതിയിരുന്നു. അവർ ജവ്ഹർആലിയെ അദ്ദേഹത്തിനു മുമ്പിൽകൊണ്ടുവന്ന് ചർച്ച നടത്തിച്ചതിൽ പരാജിതനായി ഷിർദ്ദിയിൽ നിന്നും ഓടി പ്പോയി. അങ്ങിനെ ബീജാപ്പൂരിൽ കുറെക്കാലം താമസിച്ച് ഷിർദ്ദി യിലേക്ക് മടങ്ങി വന്ന് ജവഹർആലി ബാബയെ സാഷ്ടാംഗം പ്രണമിച്ചു. അയാൾ ഗുരുവെന്നും സായിബാബ ശിഷ്യനെന്നു മുള്ള തെറ്റിദ്ധാരണ നീങ്ങി അയാൾ പശ്ചാത്തപിച്ചു. എന്നിട്ടും ബാബ കാണിക്കുന്നത് അഹംഭാവം കളഞ്ഞ് ആത്മജ്ഞാനം കൈവരുത്താൻ ശിഷ്യനെപ്പോലെയും സേവനങ്ങൾ ചെയ്യണ മെന്നാണ്. ഈ കഥ ബാബയുടെ മഹാഭക്തനായ മഹൽസാ പതി പറഞ്ഞു തന്നതനുസരിച്ചാണ് ഇവിടെ ചേർത്തത്.

അടുത്ത അദ്ധ്യായത്തിൽ രാമനവമി ഉത്സവം, മസ്ജിദ്, അതിന്റെ പൂർവ്വസ്ഥിതി, പിന്നീടുണ്ടായ ഭേദഗതി എന്നവയെ പ്പറ്റി പ്രതിപാദിക്കുന്നതാകുന്നു.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !